പതിനാലാം കേരളനിയമസഭ

ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2726** 18/08/2017 -ൽ മറുപടിയ്ക്ക്

**<u>മലപ്പുറം ജില്ലയിലെ പ്ലസ് വൺ പ്രവേശനം</u>**

<u>ചോദ്യം</u> <u>ഉത്തരം</u>

ശ്രീ.പി.ഉബൈദുള്ള :

പ്രൊഫ.സി.രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ ഓരോ ജില്ലയിലും എസ്.എസ്.എൽ.സി പാസ്സായ വിദ്യാർത്ഥികളുടെ എണ്ണവും പ്ലസ് വൺ സീറ്റുകളുടെ എണ്ണവും വ്യക്തമാക്കുമോ;

(എ)

| ജില്ല | എസ് എസ് എൽ സി പാസ്സായവർ | പ്ലസ് വൺ സീറ്റുകളുടെ എണ്ണം |
|---|---|---|
| തിരുവനന്തപുരം | 38470 | 40312 |
| കൊല്ലം | 33268 | 36217 |
| പത്തനംതിട്ട | 11927 | 20051 |
| ആലപ്പുഴ | 25009 | 28699 |
| കോട്ടയം | 21714 | 28456 |
| ഇടുക്കി | 12920 | 15338 |
| എറണാകുളം | 35661 | 40859 |
| തൃശ്ശൂർ | 37808 | 41271 |
| പാലക്കാട് | 41359 | 35198 |
| മലപ്പുറം | 79196 | 64825 |
| കോഴിക്കോട് | 45862 | 43172 |
| വയനാട് | 11769 | 11091 |
| കണ്ണൂർ | 35270 | 34817 |
| കാസർഗോഡ് | 19415 | 18393 |

(ബി) മലപ്പുറം ജില്ലയിൽ നിന്നും ഈ വർഷം എസ്.എസ്.എൽ.സി. പാസ്സായ വിദ്യാർത്ഥികളുടെ എണ്ണം എത്ര; എത്ര പേർക്ക് അവസാനഘട്ട അലോട്ട്മെന്റ് വരെ പ്ലസ് വൺ പ്രവേശനം ലഭിച്ചു;

(ബി) മലപ്പുറം ജില്ലയിൽ നിന്നും ഈ വർഷം 79,196 വിദ്യാർത്ഥികൾ എസ് എസ് എൽ സി പാസ്സായി. 57,738 പേർക്ക് പ്ലസ് വൺ പ്രവേശനം ലഭിച്ചു. അവസാനഘട്ട അലോട്ട്മെന്റ് നടപടികൾ പുരോഗമിക്കുന്നു.

(സി) എത്ര പേർ ഐ.ടി.ഐ., പോളിടെക്നിക് തുടങ്ങിയ അനുബന്ധ കോഴ്സുകളിൽ പ്രവേശനം നേടിയെന്ന് വെളിപ്പെടുത്തുമോ;

(സി) 2017 വർഷത്തിൽ ഐ ടി ഐ കളിലെ നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ് (എൻ സി വി റ്റി) അഫിലിയേറ്റഡ്

ട്രേഡുകളിലെ അഡ്മിഷൻ ക്ലോസിംഗ് തീയതിയായി ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗ് (ഡി ജി റ്റി) നിശ്ചയിച്ചിട്ടുള്ളത് 15.08.2017 ആണ്. ടി ട്രേഡുകളിലെ അഡ്മിഷൻ നടപടികൾ (MIS Portal ലെ entry തുടങ്ങിയവ) അവസാനിക്കുന്നത് 31.08.2017 നാണ്. കൂടാതെ ഗവൺമെന്റ് ഐ ടി ഐ കളിൽ നിലവിലുള്ള സ്റ്റേറ്റ് കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ് (എസ് സി വി റ്റി) ട്രേഡുകളിലെ അഡ്മിഷൻ ക്ലോസിംഗ് തീയതിയായി നിലവിൽ നിശ്ചയിച്ചിരിക്കുന്നത് 31.08.2017 നാണ്. ആയതിനാൽ മേൽ പരാമർശിച്ച നടപടികൾ പൂർത്തിയായ ശേഷം മാത്രമേ എസ് എസ് എൽ സി പാസ്സായ വിദ്യാർത്ഥികളിൽ എത്ര പേർക്ക് ഐ ടി ഐ കളിൽ അഡ്മിഷൻ ലഭിച്ച എന്ന വിവരം ലഭ്യമാവുകയുള്ളൂ. മലപ്പുറം ജില്ലയിൽ വ്യാവസായിക പരിശീലന വകുപ്പിന്റെ കീഴിലുള്ള 6 ഗവൺമെന്റ് ഐ ടി ഐ കളിലും പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള 4 എസ് സി ഡി ഡി ഐ ടി ഐ കളിലും 35 സ്വകാര്യ ഐ ടി ഐ കളിലുമായി 2016 വർഷം 2004 ട്രെയിനികളെ പ്രവേശിപ്പി ച്ചിരുന്നു.

2017-18 അധ്യയന വർഷത്തിൽ പോളിടെക്നിക് കോളേജുകളിലേയ്ക്കുള്ള ഡിപ്ലോമ പ്രവേശനം സംസ്ഥാന തലത്തിലാണ് നടത്തുന്നത് എന്നതിനാൽ ജില്ല തിരിച്ച് അപേക്ഷകരുടെ വിവരങ്ങൾ ലഭ്യമല്ല. മലപ്പുറം ജില്ലയിൽ നാല് സർക്കാർ പോളിടെക്നിക്കുകളിലും ഒരു എയ്ഡഡ് പോളിടെക്നിക്കിലും അഞ്ച് സ്വാശ്രയ പോളിടെക്നിക്കുകളിലുമായി മൂന്നാംഘട്ട അലോട്ട്മെന്റ് കഴിയുമ്പോൾ 1795 പേർ പ്രവേശനം നേടിയിട്ടുണ്ട്. (മലപ്പുറം

ജില്ലയിൽ ആകെയുള്ള 1963 സീറ്റുകളിൽ 168 സീറ്റുകൾ 11.08.2017 വരെ ഒഴിഞ്ഞു കിടപ്പുണ്ട്) 2017 ആഗസ്റ്റ് 16,17,18 തീയതികളിലായി ഒഴിവുള്ള സീറ്റുകളിലേയ്ക്ക് സ്പോട്ട് അഡ്മിഷൻ അതതു സ്ഥാപനങ്ങളിൽ വച്ച് നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

(ഡി) ജില്ലയിൽ ഇനിയും പ്ലസ് വൺ പ്രവേശനം ലഭിക്കാത്തവരുണ്ടോ; എങ്കിൽ അവരുടെ എണ്ണമെത്ര; 10% സീറ്റ് വർദ്ധിപ്പിച്ചതിലൂടെ എത്ര സീറ്റുകൾ ലഭിച്ചു; അതിലൂടെ എത്ര പേർക്ക് അഡ്മിഷൻ ലഭിച്ചു;

(ഡി) മലപ്പുറം ജില്ലയിൽ ഹയർ സെക്കണ്ടറിയിൽ ഇതുവരെ പ്ലസ് വൺ പ്രവേശനം ലഭിക്കാത്തവരുടെ എണ്ണം ലഭ്യമല്ല. 10% സീറ്റ് വർദ്ധനവിലൂടെ 1340 സീറ്റുകൾ മലപ്പുറം ജില്ലക്ക് ലഭിച്ചിട്ടുണ്ട്. വർദ്ധിപ്പിച്ച സീറ്റിലേക്കുള്ള അഡ്മിഷൻ നടപടികൾ പുരോഗമിക്കുന്നു. വി എച്ച് എസ് ഇ പ്രവേശനത്തിന് അപേക്ഷിച്ചവരിൽ 2,723 പേർക്ക് പ്രവേശനം ലഭിച്ചിട്ടില്ല.

(ഇ) എസ്.എസ്.എൽ.സി. പാസ്സായ മുഴുവൻ വിദ്യാർത്ഥികൾക്കും ജില്ലയിൽ തന്നെ തുടർപഠന സൗകര്യങ്ങൾ ഏർപ്പെടുത്തുമോ?

(ഇ) നിലവിൽ സാധ്യമല്ല.

സെക്ഷൻ ഓഫീസർ